**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4986 06.02.2014-ൽ മറുപടിക്ക്**

**ചികിത്സാവീഴ്ച ഉണ്ടായതിനുള്ള നഷ്ടപരിഹാരം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ.ഉമ്മൻ ചാണ്ടി** (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ അമർ വിനായക് എന്ന കുട്ടിയുടെ മോതിര വിരൽ ചികിത്സാ വിഴ്ചയുടെ ഫലമായി മുറിച്ചു മാറ്റപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിരൽ നഷ്ടപ്പെട്ട അമർ വിനായകിന് മതിയായ സാമ്പത്തിക സഹായം നൽകുവാൻ മുഖ്യമന്ത്രി തയ്യാറാകുമോ? | (ബി) മോതിരവിരലിന് പരിക്ക പറ്റി ചികിത്സയ്ക്കായി കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ കൊണ്ടുവന്ന അമർവിനായകിനെ അപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന എൻ.ആർ.എച്ച്.എം ഡോക്ടറായ തൻസീർ പരിശോധിച്ച് മുറിവ് ക്ലീൻ ചെയ്ത് ലോക്കൽ അനസ്തേഷ്യ നൽകി തുന്നലിട്ട് റ്റി.റ്റി എടുത്ത് ആന്റിബയോട്ടിക്കും കൊടുത്ത് അടുത്ത ദിവസം സർജനെ കാണണമെന്ന നിർദ്ദേശവും നൽകി വിട്ടയക്കുകയാണ് ചെയ്തത്. എന്നാൽ പിന്നീട് കുട്ടി ചികിത്സയ്ക്കായി കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ വന്നിട്ടില്ല. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി- യിലെ ചികിത്സയ്ക്ക് ശേഷം സ്വകാര്യ ആശുപത്രിയിലാണ് കുട്ടിയെ ചികിത്സിച്ചിട്ടുള്ളത്. ആയതിനാൽ ഒരു വിദഗ്ധ സംഘത്തെ കൊണ്ട് വിശദമായ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തുന്നതിനായി കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ ഉത്തരവിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ